"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. കീർത്തി മനോഹരന് പഠനാവശ്യത്തിനായി 03.01.2020 മുതൽ 31.07.2021 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1261/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/07/2021

---

പരാമർശം:- 1 ശ്രീമതി. കീർത്തി മനോഹരൻ സമർപ്പിച്ച 11.12.2020 ലെ അവധി അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 23.12.2020 ലെ PAN/1835/2020-E10(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. കീർത്തി മനോഹരൻ ഉന്നത പഠനത്തിനായി 03.01.2020 മുതൽ 31.07.2021 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പന്തളം എൻ.എസ്.എസ് കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 11.12.2020 ലെ സാക്ഷ്യപത്രത്തിൽ ശ്രീമതി. കീർത്തി മനോഹരൻ ടി കോളജിൽ 2019-2021 അദ്ധ്യയനവർഷത്തിൽ എം.എസ്.സി കെമിസ്ട്രി വിഷയത്തിൽ 2-ാം സെമസ്റ്റർ പഠനം തുടരുകയാണെന്നും ഈ കോഴ്സിന്റെ കാലാവധി 31/07/2021 ൽ പൂർത്തിയാക്കുമെന്നും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീമതി. കീർത്തി മനോഹരൻ 12.12.2019 ലാണ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. കീർത്തി മനോഹരന് പഠനാവശ്യത്തിനായി 03.01.2020 മുതൽ 31.07.2021 വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. കീർത്തി മനോഹരൻ, ഓഫീസ് അറ്റൻഡന്റ്, ചെറിയനാട് ഗ്രാമപഞ്ചായത്ത് , ആലപ്പുഴ ജില്ല.
(സെക്രട്ടറി, ചെറിയനാട് ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.

സെക്രട്ടറി, ചെറിയനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/50/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ